(ഡി) എങ്കിൽ ആനുകൂല്യം ഉത്തരവ് തീയതിവരെയുള്ളവർക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) കേന്ദ്ര വിദ്യാഭ്യാസ നിയമം നടപ്പിൽ വരുമ്പോൾ ജോലി നഷ്ടപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകുമോ ; എങ്കിൽ അതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(എഫ്) എയ്ഡഡ് സ്കൂളുകളിൽ നിയമിതരായിട്ടുള്ള അദ്ധ്യാപകർക്ക് അംഗീകാരം ലഭിക്കുന്നതിന് പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥക്കെതിരെ മാനേജ്മെന്റുകൾ ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണ് ; ഹൈക്കോടതിയുടെ അന്തിമവിധിക്ക് അനുസൃതമായി പ്രവർത്തിക്കാമെന്ന് ഉറപ്പ് നൽകുന്ന മാനേജ്മെന്റുകളുടെ കീഴിലെ അദ്ധ്യാപകർക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 14-7-1997 വരെ റെഗുലർ തസ്തികകളിൽ നിയമനം ലഭിച്ചവർക്കാണ് പ്രൊട്ടക്ഷൻ നൽകുന്നത്.

(ബി&സി) 14-7-1997 വരെ റെഗുലർ സർവ്വീസിൽ പ്രവേശിച്ചവർക്ക് സംരക്ഷണാനുകൂല്യം നൽകാൻ ഉത്തരവായത് 29-9-1999-ലെ ജി.ഒ.(പി)നമ്പർ 240/99/പൊ.വി. പ്രകാരമാണ്.

(ഡി) പരിശോധിച്ചു വരുന്നു.

(ഇ) കേന്ദ്ര വിദ്യാഭ്യാസ നിയമം നടപ്പിലാക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(എഫ്) ഉണ്ട്. സർക്കാർ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. അന്തിമവിധി ആയിട്ടില്ല. 12-1-2010-ലെ ജി.ഒ.(പി)നമ്പർ 10/10/പൊ.വി. ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നൽകുന്ന സമ്മതപത്രത്തിൽ ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി പ്രവർത്തിക്കാമെന്ന് ഉറപ്പുനൽകിയിട്ടുള്ള മാനേജുമെന്റുകൾ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നുണ്ട്.

## കാസർഗോഡ് ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ നിയമനം

**40(729)** ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് കണക്ക് (മലയാളം മീഡിയം) തസ്തികയിൽ എത്ര അദ്ധ്യാപകരെ പി.എസ്.സി. മുഖേന നിയമിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) അന്തർ ജില്ലാ സ്ഥലം മാറ്റത്തിനുവേണ്ടി എത്ര ഒഴിവുകളാണ് നീക്കിവച്ചിട്ടുള്ളത് ; അതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ഡി) ഈ ജില്ലയിൽ ദിവസവേതനാടിസ്ഥാനത്തിലും മാസശമ്പളത്തിൽ താൽക്കാലികക്കാരായും എത്ര കണക്ക് (മലയാളം മീഡിയം) അദ്ധ്യാപകർ ജോലി നോക്കുന്നുണ്ട് ; 2011 മാർച്ച് 31-ന് ഈ തസ്തികയിലെ എത്ര പേർ വിരമിക്കുന്നുണ്ട് ;

(ഇ) ഈ വർഷം ഹൈസ്കൂളായി ഉയർത്തിയ സ്കൂളുകളിൽ ഈ തസ്തികയിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ;

(എഫ്) ഈ ഒഴിവുകളും അന്തർ ജില്ലാസ്ഥലംമാറ്റത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ അപേക്ഷകരില്ലാത്തവയും മറ്റുള്ള എല്ലാ ഒഴിവുകളും (മാർച്ചിലെ റിട്ടയർമെന്റ് ഒഴിവുകളുൾപ്പെടെ) പി.എസ്.സി.-ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 26 അദ്ധ്യാപകരെ.

(ബി) ആകെ ലഭ്യമായ 28 ഒഴിവുകളിൽ 19 ഒഴിവുകൾ പി.എസ്.സി. നിയമനത്തിനായി റിപ്പോർട്ട് ചെയ്യുകയും നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 9 ഒഴിവുകൾ ചട്ട പ്രകാരമുള്ള വിവിധ വിഭാഗങ്ങളിൽ നിന്ന് നിയമിക്കുന്നതിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്.

(സി) 4 ഒഴിവുകളാണ് അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി നീക്കി വച്ചിട്ടുള്ളത്. അതിനായി അപേക്ഷകരില്ല.

(ഡി) നിലവിലുള്ള 9 ഒഴിവുകളിലും ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. 2011 മാർച്ച് 31-ന് വിരമിക്കുന്ന കാസർഗോഡ് ജില്ലയിലെ ഹൈസ്കൂൾ അസിസ്റ്റന്റ് കണക്ക് (മലയാളം മീഡിയം) അദ്ധ്യാപകരുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ഇ) പുതുതായി അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ ഹൈസ്കൂൾ വിഭാഗം തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടില്ല.

(എഫ്) അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷകരില്ലാത്തതിനാൽ അതുൾപ്പെടെ നേരിട്ടുള്ള നിയമനത്തിന് അനുവദനീയമായ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly